പത്രക്കുറിപ്പ്
16-1-2018

## കുടുംബശ്രീ പ്രവർത്തനങ്ങളുടെ സ്വാധീനം സ്ത്രീകളുടെ സാമൂഹ്യ വികസനത്തിന് അനുകൂലമായെന്ന് പഠന റിപ്പോർട്ട്

തിരുവനന്തപുരം: കുടുംബശ്രീ പ്രവർത്തനങ്ങളുടെ സ്വാധീനം കേരളത്തിലെ സ്ത്രീകളുടെ സാമൂഹ്യ വികസനത്തിന് അനുകൂലമായെന്ന് പഠന റിപ്പോർട്ട്. കുടുംബശ്രീ ആവശ്യപ്പെട്ടതനുസരിച്ച് 'ദാരിദ്ര്യവും സ്ത്രീകളും പ്രാപ്തിയും- കേരളത്തിലെ അയൽക്കൂട്ട വനിതകളിലും അവരുടെ കുടുംബങ്ങളിലും കുടുംബശ്രീ സംഘടനാ സംവിധാനം ചെലുത്തിയ സ്വാധീനം' എന്ന വിഷയത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാറി ബേക്കർ സെന്റർ ഫോർ ഹാബിറ്റാറ്റ് സ്റ്റഡീസിന്റെയും കോസ്റ്റ്ഫോർഡിന്റെയും ചെയർമാനായ ഡോ.കെ.പി കണ്ണൻ, സെൻട്രൽ സ്റ്റാറ്റിറ്റിക്സ് ഓർഗനൈസേഷൻ റിട്ടയേർഡ് അഡീഷണൽ ഡയറക്ടർ ജനറൽ ജി.രവീന്ദ്രൻ എന്നിവടങ്ങിയ പഠന സംഘത്തെ നിയോഗിച്ചിരുന്നു. തുടർന്ന് ഇവർ നടത്തിയ പഠനത്തിലാണ് പ്രസക്തമായ ഈ കണ്ടെത്തൽ. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ പഠനറിപ്പോർട്ട് കെ.പി.കണ്ണനിൽ നിന്നും സ്വീകരിച്ചു.

2015 ജൂലൈയിലാണ് റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ തുടക്കം. കുടുംബശ്രീ പ്രവർത്തനങ്ങൾ മുഖേന കേരളത്തിലെ സ്ത്രീകൾക്കുണ്ടായ സാമൂഹ്യ സാമ്പത്തിക വികാസവും അതിന്റെ പുരോഗതിയും എന്നതായിരുന്നു വിഷയം. തുടർന്ന് രണ്ടു വർഷം കൊണ്ട് സംസ്ഥാനത്തെ തിരഞ്ഞെടുത്ത അറുപത് പഞ്ചായത്തുകളിൽ പത്തു വർഷം തുടർച്ചയായി കുടുംബശ്രീ പ്രവർത്തനങ്ങളിൽ സജീവമായി നിലനിൽക്കുന്ന 350 അയൽക്കൂട്ടങ്ങളിൽ സർവേ നടത്തി റിപ്പോർട്ട് ഇന്നു സമർപ്പിക്കുകയായിരുന്നു.

അതീവ ദരിദ്രർ, ദരിദ്രർ, പാർശ്വവൽക്കരിക്കപ്പെട്ടവർ, ദരിദ്രരല്ലാത്തവർ, ഇടത്തരക്കാർ, മേൽത്തട്ടിലുള്ളവർ എന്നീ വിഭാഗങ്ങളിലാണ് സർവേ നടത്തിയത്. ഗ്രാമം, നഗരം, പട്ടികജാതി പട്ടികവർഗം, പ്രത്യേക അയൽക്കൂട്ടങ്ങൾ എന്നിങ്ങനെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യം സർവേയിൽ ഉറപ്പാക്കിയിരുന്നു.

അയൽക്കൂട്ട വനിതകളുടെ സാമൂഹ്യ സാമ്പത്തിക രൂപരേഖ, കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ കൈവരിച്ച സാമ്പത്തിക നിലവാരത്തിന്റെയും ജീവിത നിലവാരത്തിന്റെയും പുരോഗതി, വ്യക്തിഗത വികാസം, സാമൂഹ്യമായ കഴിവുകൾ എന്നിവയുടെ വളർച്ചയും അവയുടെ നിർണയവും, കുടുംബശ്രീ മുഖേന നൽകുന്ന സാമൂഹ്യ പരിചരണത്തിന്റെയും ക്ഷേമപ്രവർത്തനങ്ങളുടെയും സ്വാധീനം സംബന്ധിച്ച വിലയിരുത്തൽ എന്നിവയായിരുന്നു പഠനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഇതു പ്രകാരം ഇരുപതു വർഷം മുമ്പ് പ്രവർത്തനം ആരംഭിച്ച കുടുംബശ്രീ മുഖേന കേരളത്തിലെ സ്ത്രീകൾ സാമൂഹ്യ സാമ്പത്തിക മേഖലയിൽ വലിയ മുന്നേറ്റം കൈവരിച്ചെന്ന് പഠന റിപ്പോർട്ടിൽ പറയുന്നു. പതിനഞ്ചു വർഷം മുമ്പ് കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ എണ്ണം 36,511 ആയിരുന്നുവെങ്കിൽ ഇപ്പോൾ 2,58,058 ആയി ഉയർന്നിട്ടുണ്ട്. അയൽക്കൂട്ട വനിതകളിൽ താമസയോഗ്യമായ വീടില്ലാത്തത് ഏഴു ശതമാനം പേർക്കു മാത്രമാണ്. ജീവിതനിലവാരം മെച്ചപ്പെട്ടതാണ് ഇതിനു കാരണം. കുടുംബശ്രീയിൽ ചേരുന്നതിനു മുമ്പ് പട്ടിക ജാതി വിഭാഗത്തിൽ പെട്ടവർക്ക് 39 ശതമാനമായിരുന്നു സാമ്പത്തിക പങ്കാളിത്തമെങ്കിൽ ഇപ്പോൾ അത് 69 ശതമാനമായി വളർന്നിട്ടുണ്ട്. സർവേ പ്രകാരം 55 ശതമാനം കുടുംബശ്രീ വനിതകൾ ദാരിദ്ര്യ രേഖയ്ക്കു താഴെയും 45 ശതമാനം സ്ത്രീകൾ ദാരിദ്ര്യ രേഖയ്ക്കു മുകളിലുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

സമൂഹത്തിൽ വ്യക്തമായ സ്ഥാനം നേടിയെടുക്കുന്നതിനും മുഖ്യധാരയിലേക്കു കടന്നു വരുന്നതിനും സ്വന്തം അവകാശങ്ങളെ കുറിച്ച് അറിവു നേടുന്നതിനും കുടുംബശ്രീ പ്രവർത്തനങ്ങൾ വഴി സാധിച്ചിട്ടുണ്ട്. കുടുംബശ്രീ പ്രവർത്തനങ്ങൾ ആരംഭിച്ചതിനു ശേഷം അയൽക്കൂട്ട വനിതകളുടെ ജീവിത നിലവാരം ഉയർന്നിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

പുതിയ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും കുടുംബശ്രീയുടെ ഭാവി കർമപദ്ധതികൾ ആസൂത്രണം ചെയ്യുന്നതും നടപ്പാക്കുകയുമെന്ന് മന്ത്രി ഡോ.കെ.ടി.ജലീൽ പറഞ്ഞു. ഏതു വിഭാഗത്തിലാണ് കൂടുതൽ ശ്രദ്ധ നൽകേണ്ടതെന്ന് മനസിലാക്കാനും അതനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്കരിക്കാനും റിപ്പോർട്ട് സഹായകമാകും. കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ കേരളീയ സ്ത്രീജീവിതത്തിൽ ക്രിയാത്മകമായ വികാസം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന കണ്ടെത്തൽ സന്തോഷകരമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് റിപ്പോർട്ടിന്റെ വിശകലനം നടത്തി. മെത്തഡോളജി ആൻഡ് ഫൈൻഡിങ്ങ്സ് ഓൺ ഇക്കണോമിക് ഇംപാക്ട്, സോഷ്യൽ ഇംപാക്ട് ആൻഡ് പോളിസി റെക്കമെൻഡേഷൻസ് എന്നീ വിഷയങ്ങൾ യഥാക്രമം ഡോ.ജി.രവീന്ദ്രൻ, ഡോ.കെ. പി.കണ്ണൻ എന്നിവർ വിശദീകരിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ സ്വാഗതവും പ്രോഗ്രാം ഓഫീസർ പ്രമോദ് കെ.വി നന്ദിയും പറഞ്ഞു. കുടുംബശ്രീ സംസ്ഥാന മിഷൻ, പ്ളാനിങ്ങ് ബോർഡ് ഉദ്യോഗസ്ഥർ പങ്കെടുത്തു.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ